(ഡി) അന്യസംസ്ഥാനങ്ങളിലെ 228 വാഹനങ്ങൾ ഇപ്പോൾ കസ്റ്റഡിയിലുണ്ട്.

(ഇ) കേരളത്തിനു പുറമെ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി, ഡൽഹി, ഗുജറാത്ത്, ഹരിയാന, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ, ഗോവ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ വണ്ടികളാണ് ഇപ്പോൾ കസ്റ്റഡിയിലുള്ളത്.

കണ്ടുകെട്ടിയ വാഹനങ്ങളുടേയും സ്പിരിറ്റിന്റേയും കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടി

30 [5484] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പ് വിവിധ കേസ്സുകളിലായി കണ്ടു കെട്ടിയ എത്ര വാഹനങ്ങൾ സംബന്ധിച്ച കേസ്സുകൾ ഇപ്പോഴും തീർപ്പാകാതെ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കണ്ടുകെട്ടിയ സ്പിരിറ്റ് തീർപ്പാക്കാതെ അവശേഷിക്കുന്നത് എത്രയാണ്;

(സി) കണ്ടുകെട്ടിയ വാഹനങ്ങളുടേയും സ്പിരിറ്റിന്റെയും കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) കണ്ടുകെട്ടുന്ന വാഹനങ്ങളും വസ്തുക്കളും സംബന്ധിച്ച കേസ് വേഗത്തിൽ തീർപ്പാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 571 വാഹനങ്ങൾ സംബന്ധിച്ച കേസ്സുകൾ തീർപ്പാകാതെ ബാക്കിയായിട്ടുണ്ട്.

(ബി) 3,49,819 ലിറ്റർ.

(സി) കണ്ടുകെട്ടിയ വാഹനങ്ങളിൽ, അപ്പീൽ പരാതികളും, റിവിഷൻ പെറ്റീഷനുകളും നിയമാനുസൃതം പൂർത്തിയാക്കാനുള്ള കാലതാമസവും, തുടർന്ന് ലേലം ചെയ്യുന്ന വാഹനങ്ങൾ ലേലം കൊള്ളാനുള്ള സാദ്ധ്യത കുറവുമാണ് തീർപ്പാകാതെ അവശേഷിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുകെട്ടൽ നടപടി പൂർത്തിയായിട്ടുള്ള സ്പിരിറ്റിന്റെ കാര്യത്തിൽ ബന്ധപ്പെട്ട കോടതിയുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും, അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന സ്പിരിറ്റ് ഗുണനിലവാരം കുറവാണെന്നതിനാലും മാലിന്യങ്ങൾ ഉണ്ടെന്നതിനാലും അംഗീകൃത ലൈസൻസികൾ എടുക്കുവാൻ താൽപ്പര്യം കാണിക്കാത്തതുമാണ് തീർപ്പുകൽപ്പിക്കുന്നതിനുള്ള പ്രധാനപ്പെട്ട തടസ്സങ്ങൾ.

(ഡി) ഉണ്ട്.

(ഇ) കണ്ടുകെട്ടൽ നടപടി പൂർത്തിയായിട്ടുള്ള സ്പിരിറ്റ് നിയമാനുസൃതം ലിറ്ററിന് 10 രൂപ (പത്ത് രൂപ) നിരക്കിൽ അംഗീകൃത ലൈസൻസുള്ള പൊതുമേഖലാ ഡിസ്റ്റിലറികൾ, ഫാർമസ്യൂട്ടിക്കലുകൾ, ബ്ലെൻഡിംഗ് യൂണിറ്റുകൾ എന്നിവക്ക് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

(എഫ്) നിലവിലുള്ള അബ്കാരി നിയമം സെക്ഷൻ 53-എ, 67-ബി, 67-ഇ, 67-എഫ് എന്നിവ പ്രകാരം കണ്ടുകെട്ടുന്ന വാഹനങ്ങളും വസ്തുക്കളും സംബന്ധിച്ച കേസ് വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

റേഷനിംഗ് പ്രശ്നങ്ങളെക്കുറിച്ച് പഠനം

31 [5485] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ രംഗത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിതരണ രംഗത്ത് നിലവിലുണ്ടായിരുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ സിവിൽ സപ്ലൈസ് ഡയറക്ടർ ശ്രീ. എം. ശിവശങ്കറിനെ സർക്കാർ 7-8-2001-ൽ ചുമതലപ്പെടുത്തിയിരുന്നു.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly